# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 891 10.02.2016 - ൽ മറുപടിക്ക്

## മിതമായ നിരക്കിൽ കുടിവെള്ളം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുടിവെള്ളം മിതമായ നിരക്കിൽ കുപ്പികളിലും പായ്ക്കറ്റിലും ആയി ലഭ്യമാക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സുരക്ഷിതമായ കുടിവെള്ളം എല്ലാ കാലത്തും സംസ്ഥാനത്തുടനീളം ഗുണമേന്മ ഉറപ്പാക്കിയും മിതമായ നിരക്കിലും ലഭ്യമാക്കുന്നതിനുവേണ്ടി ഇടുക്കി ജില്ലയിലെ മലങ്കര ഡാമിനോട് ചേർന്ന സ്ഥലത്ത് കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് ആരംഭിക്കുവാൻ കെ.ഐ.ഐ.ഡി.സി.യ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ഇതുപ്രകാരം കെ.ഐ.ഐ.ഡി.സി. തൊടുപുഴയിലെ മ്രാളയിൽ ഒരു ഷിഫ്റ്റിൽ ഒരു ലിറ്ററിന്റെ 60,000 കുപ്പികൾ ഉത്പാദിപ്പിക്കുവാൻ ശേഷിയുള്ള ഒരു ഫാക്ടറി നിർമ്മിക്കുകയും അതിൽനിന്നും 2015 ആഗസ്റ്റ് 24-ാം തീയതി മുതൽ പൊതുജനങ്ങൾക്ക് ഒരു ലിറ്ററിന്റെ ഒരു കുപ്പിയ്ക്ക് 15 രൂപ നിരക്കിൽ കുടിവെള്ളം ലഭ്യമാക്കി വരുകയാണ്.<br><br>കേരള വാട്ടർ അതോറിറ്റി അരുവിക്കരയിൽ ഒരു കുപ്പിവെള്ള പ്ലാന്റിന്റെ പണികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ജല അതോറിറ്റിയുടെ കീഴിൽ ഓരോ ജില്ലയിലും ജലലഭ്യത കുറഞ്ഞ കേന്ദ്രങ്ങളിൽ ഇത്തരത്തിലുള്ള പ്ലാന്റുകളും യൂണിറ്റുകളും സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | മിതമായ നിരക്കിലുള്ള കുപ്പിവെള്ളത്തിന്റെ ലഭ്യത സംസ്ഥാനത്തെ മറ്റു സ്ഥലങ്ങളിലും വ്യാപകമായി എത്തിക്കാനായി കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ കുറ്റ്യാടി ജലസേചന പദ്ധതിയുടെ സ്ഥലത്ത് പുതിയൊരു ഫാക്ടറി തുടങ്ങുന്നതിനായി വേണ്ട സ്ഥലം അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾക്കുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ